(സി) അന്യസംസ്ഥാനങ്ങളിൽനിന്നുംവരുന്ന പച്ചക്കറികളിൽ കീടനാശിനികൾ പ്രയോഗിക്കുന്ന ഉറവിടം കണ്ടെത്താനും കർഷകരെ ബോധവൽക്കരിക്കുന്നതിനും വേണ്ടി അവിടെയുള്ള ഭക്ഷ്യ സുരക്ഷാ കമ്മീഷണർമാരുമായും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻമാരുമായും ചർച്ച നടത്തി നടപടികൾ സ്വീകരിക്കുന്നതിന് ഭക്ഷ്യസുരക്ഷാവകുപ്പ് ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഈ വിഷയത്തെപ്പറ്റി പഠനം നടത്തിയിട്ടില്ല.

എൻഡോസൾഫാൻ ദുരിതബാധിതർ

99 (791) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ മുതലമടയിലെയും സമീപപഞ്ചായത്തുകളിലെയും എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി എന്തെല്ലാം പഠനങ്ങളാണ് സർക്കാർ നാളിതുവരെ നടത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) നിലവിൽ എത്രപേരാണ് എൻഡോസൾഫാൻ ബാധിതരായിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(സി) കാസർഗോഡ് പരിശോധിച്ച വിദഗ്ധ ടീമിനെവച്ച് ഈ മേഖലയിൽ വിശദമായ പരിശോധന നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പരിശോധന നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ;

(ഡി) നിലവിലുള്ള ദുരിതബാധിതർക്ക് സഹായമെത്തിക്കുന്നതിന് എന്തെങ്കിലും പാക്കേജ് സർക്കാർ നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ സമഗ്ര പാക്കേജ് നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 1-3-2011 -ലെ 224/2011 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ എൻഡോസൾഫാൻ ബാധിതരെ കണ്ടെത്താൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ഒഴലപ്പതി, കൊല്ലങ്കോട്, ഷോളയൂർ, പുതൂർ, കുമരംപുത്തൂർ, അകത്തേത്തറ, നെല്ലിയാമ്പതി, വണ്ണാമല മേഖലകളിൽ 3-5-2011 മുതൽ 9-5-2011-വരെ ആരോഗ്യവകുപ്പ് നടത്തിയ പ്രാഥമിക സർവ്വേയിൽ എൻഡോസൾഫാൻ ബാധിതരെന്ന് സംശയിക്കുന്ന 142 പേരെയും ഇതിന്

LIBRARY ARCHIVES Kerala Legislative Assembly

മുന്നോടിയായി 19-11-2010, 20-11-2010 തീയതികളിൽ മുതലമട, കൊല്ലങ്കോട് എന്നീ പഞ്ചായത്തുകളിൽ നടത്തിയ പ്രാഥമിക സർവ്വേയിൽ എൻഡോസൾഫാൻ ബാധിതരെന്ന് സംശയിക്കുന്ന 46 പേരെയും കണ്ടെത്തുകയുണ്ടായി. പ്രാഥമിക സർവ്വേയിൽ കണ്ടെത്തിയ ഈ 188 പേരിൽനിന്നും യഥാർത്ഥ എൻഡോസൾഫാൻ ബാധിതരെ കണ്ടെത്തുന്നതിനായി തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽനിന്നും വിദഗ്ധ സംഘം 29-10-2014-ന് മുതലമട പഞ്ചായത്തിൽ പ്രത്യേക ക്യാമ്പ് നടത്തുകയും ആകെ കണ്ടെത്തിയ അംഗവൈകല്യമുള്ള 77 പേരിൽനിന്ന്, അംഗവൈകല്യം സംഭവിക്കാൻ പ്രത്യേക കാരണം സ്ഥിരീകരിക്കാൻ കഴിയാത്ത 29 പേരെ വിദഗ്ധ സംഘം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ മറ്റ് 8 പഞ്ചായത്തുകളിൽകൂടി മുതലമടയിൽ എന്ന പോലെ സമാന ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) എൻഡോസൾഫാൻ ബാധിതരാണെന്ന് സ്ഥിരീകരിച്ചിട്ടുള്ള രോഗികളുടെ പട്ടിക നിലവിലില്ല.

(സി) ഇല്ല. ആവശ്യം പരിശോധിക്കുന്നതാണ്.

(ഡി) എൻഡോസൾഫാൻ ബാധിതരെന്ന് സ്ഥിരീകരിക്കപ്പെട്ട രോഗികളില്ലാത്തതിനാൽ പാലക്കാട് ജില്ലയിൽ അത്തരക്കാർക്കുള്ള സഹായ പാക്കേജ് നടപ്പാക്കിയിട്ടില്ല.

പകർച്ചവ്യാധികൾ

100 (792) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന പകർച്ചവ്യാധികളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പകർച്ചവ്യാധികൾ പിടിപെട്ട് എത്ര മരണങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2013, 2014-15-ൽ ഡെങ്കിപ്പനി, എലിപ്പനി, മലമ്പനി, മഞ്ഞപ്പിത്തം, എച്ച് 1 എൻ 1 തുടങ്ങിയ രോഗങ്ങൾ മിക്കവാറും എല്ലാ ജില്ലകളിലും ചില പ്രദേശങ്ങളിൽ കണ്ടുവരുന്നു. ചിക്കുൻഗുനിയ, കോളറ, ജപ്പാൻജ്വരം, സ്ക്രബ് ടൈഫസ്, കരങ്ങുപനി (കെ.എഫ്.ഡി.) എന്നിവ ചില ജില്ലകളിൽ ചില പ്രദേശങ്ങളിൽ മാത്രം കാണുന്നു.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly